Deshabhimani 16.12.17

### ► കാർഷിക ഉൽപ്പന്നങ്ങൾ ഒരു കുടക്കീഴിൽ

# കേരളശ്രീ അഗ്രോ ഹൈപ്പർ ബസാർ തൃശൂരിൽ

● സ്വന്തം ലേഖകൻ

തൃശൂർ > തുമ്പ മുതൽ കൊയ്ത്തുമെതിയന്ത്രങ്ങൾ വരെ, വിത്തുമുതൽ കുത്തരിവരെ.. കേരളത്തിലാദ്യമായി ജൈവ കാർഷിക ഉൽപ്പന്നങ്ങളും യന്ത്രസാമഗ്രികളും ഒരു കുടക്കീഴിൽ ലഭ്യമാകുന്നു. കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപറേഷൻ മുഖേന നടപ്പാക്കുന്ന കേരളശ്രീ അഗ്രോ ഹൈപ്പർ ബസാർ. ശനിയാഴ്ച മുഖ്യമന്ത്രി പിണറായി വിജയൻ തൃശൂരിൽ തുറക്കും. വിത്ത്, വളം, കീടനാശിനി, നടീൽ വസ്തുക്കൾ, ഉൽപ്പന്നങ്ങൾ, കാർഷിക യന്ത്രങ്ങൾ, ഉപകരണങ്ങൾ, പമ്പ് സെറ്റ്, മറ്റ് ഇറിഗേഷൻ ഉപകരണങ്ങൾ ഇവയെല്ലാം ഗുണമേന്മയോടെ മിതമായ വിലയിൽ ബസാർ മുഖേന കർഷകർക്കും പൊതുജനങ്ങൾക്കും കോർപറേഷൻ ലഭ്യമാക്കും.



► മുഖ്യമന്ത്രി പിണറായി വിജയൻ ശനിയാഴ്ച ഉദ്ഘാടനം ചെയ്യുന്ന കേരളശ്രീ അഗ്രോ ഹൈപ്പർ ബസാർ

സംസ്ഥാന സർക്കാർ നടപ്പാക്കുന്ന ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനാവശ്യമായ എല്ലാ വിഭവങ്ങളും ലഭിക്കും. മറ്റു സ്ഥാപനങ്ങളിലേയും വകുപ്പുകളിലേയും ഉൽപ്പന്നങ്ങൾ ഇവിടെ ലഭിക്കും. സംസ്ഥാന സർക്കാരിന് കീഴിലെ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങൾക്കും അവരുടെ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും വിറ്റഴിക്കുന്നതിനും സൗകര്യമുണ്ട്. വിഎഫ്പിസികെയുടെയും കാർഷിക സർവകലാശാലയുടെയും കൃഷി വകുപ്പിന്റെയും കീഴിലുള്ള ഫാമുകളിൽ നിന്നുള്ള വിവിധയിനം വിത്തുകൾ, ഹൈബ്രിഡ് വിത്തുകൾ, വിവിധതരം ചെടിച്ചട്ടികൾ, പോട്ടിങ് മിശ്രിതം, ചാണകപ്പൊടി, കോഴിവളം, മണ്ണിര കമ്പോസ്റ്റ്, മറ്റ് ജൈവ വളങ്ങൾ, വേപ്പിൻ പിണാക്ക്, ബയോ ഫെർട്ടിലൈസേഴ്സ്, ജൈവ കീടനാശിനികൾ തുടങ്ങി കാർഷികവൃത്തിക്കാവശ്യമായ എല്ലാ ഉപാധികളുമുണ്ടാവും.

എല്ലാ കാർഷിക യന്ത്രങ്ങളും ഉപകരണങ്ങളും ഇവിടെയുണ്ട്. ഇല്ലാത്തവയ്ക്കായി രജിസ്റ്റർ ചെയ്താൽ ലഭ്യമാക്കാനുള്ള സൗകര്യവുമുണ്ട്. ആധുനിക രീതിയിലുള്ള കാർഷിക യന്ത്രങ്ങളേയും സാമഗ്രികളേയും കുറിച്ചും അവയുടെ പ്രവർത്തന രീതിയും മനസ്സിലാക്കാനുള്ള സജ്ജീകരണങ്ങളുണ്ട്.

ചെമ്പൂക്കാവ് അഗ്രികൾച്ചർ കോംപ്ലക്സിൽ രണ്ടു നിലകളിലായി വൻ ഹൈപ്പർമാർക്കറ്റാണ് ഒരുക്കിയിട്ടുള്ളത്. കാംകോയുടെ യന്ത്രസാമഗ്രികൾ, നാഷണൽ സീഡ്സ് കോർപറേഷന്റെ വിത്തുകൾ, ദി കേരള മെറ്റൽ ഇൻഡസ്ട്രീസ്, കേരള സോപ്സ്, കയർഫെഡ്, മൺപാത്രം, കുടുംബശ്രീ, ഓയിൽപാം, മിൽമ, കേര, ജൈവ അരി, വയനാടൻ ജൈവ ഉൽപ്പന്നങ്ങൾ, മത്സ്യഫെഡ്, നീര, കോക്കനട്ട് ഡെവലപ്മെന്റ് ബോർഡ്, നെല്ലിയാമ്പതി ഉൽപ്പന്നങ്ങൾ, കേരള അഗ്രി ഇൻഡസ്ട്രീസ് കോർപറേഷൻ, കൃഷി വിജ്ഞാൻ കേന്ദ്രം, വെറ്ററിനറി സയൻസ്, നെല്ലിയാമ്പതി ഫാം, ഹോർട്ടി കോർപ്പ് എന്നിവയിലൂടെ ലഭിക്കും. മിൽമ, മത്സ്യഫെഡ്, ഔഷധി, പ്ലാന്റേഷൻ ഉൽപ്പന്നങ്ങളും, വനശ്രീ തുടങ്ങിയ സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങളും ഒരുക്കിയിട്ടുണ്ട്. തമിഴ്നാട്, കർണാടക സർവകലാശാലയിലെ നടീൽ വസ്തുക്കളെല്ലാം ഇവിടെ ലഭ്യമാകും. കേരള സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളിലെ ഉൽപ്പന്നങ്ങൾക്ക് പുറമെ തമിഴ്നാട്, ഹിമാചൽപ്രദേശ്, കശ്മീർ എന്നീ സംസ്ഥാനങ്ങളിൽ നിന്നുള്ള ഉൽപ്പന്നങ്ങളും ഹൈപ്പർ ബസാറിലുണ്ട്. ജൈവ ഉൽപ്പന്നങ്ങളാണ് ബസാറിൽ വിൽപ്പന നടത്തുക. കോഴിക്കോട്ടും തിരുവനന്തപുരത്തും ബസാറുകൾ ഉടൻ ആരംഭിക്കും.

ശനിയാഴ്ച രാവിലെ പത്തിന് നടക്കുന്ന പരിപാടിയിൽ മന്ത്രി അഡ്വ. വി എസ് സുനിൽകുമാർ അധ്യക്ഷനാവും. മന്ത്രി പ്രൊഫ. സി രവീന്ദ്രനാഥ് മന്ത്രി എ സി മൊയ്തീന് കാർഷിക ഉപകരണം നൽകി ആദ്യ വിൽപ്പന നടത്തും.